# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: *30</u> <u>26.02.2018 - ൽ മറുപടിയ്ക്ക്</u>

## വിലനിയന്ത്രണ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ

**ചോദ്യം** **മറുപടി**

**ശ്രീ. കെ. രാജൻ**
**" ചിറ്റയം ഗോപകുമാർ**
**" ജി. എസ്. ജയലാൽ**
**ശ്രീമതി. സി. കെ. ആശ:**

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ചരക്ക് സേവന നികുതി നിയമം വന്നതിനു ശേഷം പായ്ക്ക് ചെയ്ത സാധനങ്ങളുടെ വില കൂടിയിട്ടുണ്ടോ; എങ്കിൽ അധിക വില ഈടാക്കുന്നതിനെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) | പാക്കേജ്ഡ് കമ്മോഡിറ്റീസ് ചട്ടങ്ങൾ പ്രകാരം എം.ആർ.പി-യേക്കാൾ അധിക വില ഈടാക്കിയതിന് 221 കേസുകൾ കണ്ടെത്തി 8,88,000/- രൂപ പിഴ ഈടാക്കി. |
| (ബി) | സംസ്ഥാനത്ത് വിലനിയന്ത്രണ അതോറിറ്റി രൂപവത്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതോറിറ്റിയുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (ബി) | ഇല്ല. പൊതുവിതരണ വകുപ്പ് ഡയറക്ടർ കൺവീനറായി ഒരു പ്രൈസ് മോണിറ്ററിംഗ് സെൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത മോണിറ്ററിംഗ് സെൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.<br>• അരി, വെളിച്ചെണ്ണ എന്നിവയുടെ പൂഴ്ത്തിവയ്പ് സംബന്ധിച്ച പരിശോധന റിപ്പോർട്ട് നൽകാൻ എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാർക്കും നിർദ്ദേശം നൽകി.<br>• കോട്ടയം ജില്ലയിൽ ലൈസൻസ് ഇല്ലാതെയും വിലവിവര പട്ടിക പ്രദർശിപ്പിക്കാതെയും വ്യാപാരം നടത്തിയ 13 കേസുകളും, ചങ്ങനാശ്ശേരി താലൂക്കിൽ 57 ചാക്ക് അരി പൂഴ്ത്തിവച്ചതായി കണ്ടെത്തിയ കേസുകളും ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് നിലവിലുള്ള ചട്ടങ്ങൾ പ്രകാരം അനന്തര നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകി.<br>• വെളിച്ചെണ്ണയുടെ വില നിയന്ത്രിക്കുന്നതിന് വ്യാപാരികൾക്ക് സ്റ്റോക്ക് ലിമിറ്റ് നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>• കാർഷിക ഉൽപ്പന്നങ്ങളുടെ |

| | | | |
|---|---|---|---|
| | | | വിലവർദ്ധനവിനു കാരണമാകുന്ന സാഹചര്യങ്ങൾ, വില നിയന്ത്രണത്തിന് സ്വീകരിക്കേണ്ട നടപടികൾ എന്നിവ സംബന്ധമായി ഒരു പഠന റിപ്പോർട്ട് തയ്യാറാക്കി നൽകുന്നതിനായി കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റിക്ക് നിർദ്ദേശം നൽകി.<br>• വെളിച്ചെണ്ണയുടെ വിലവർദ്ധനവിന് ഇടയാകുന്ന സാഹചര്യങ്ങൾ വിപണി വില നിയന്ത്രിക്കുന്നതിന് കേരഫെഡ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്നിവ സംബന്ധിച്ച് ഒരു സമഗ്ര റിപ്പോർട്ട് തയ്യാറാക്കി നൽകാനായി കേരഫെഡിനോട് ആവശ്യപ്പെട്ടു.<br>• വിപണിയിൽ സവാള, ചെറിയ ഉള്ളി എന്നിവയുടെ വില കഴിഞ്ഞ വർഷത്തേക്കാൾ വർദ്ധിച്ചതായി കണ്ടെത്തിയതിനാൽ, ഈ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിനായി വിപണിയിൽ ഇടപെട്ട് അനുയോജ്യമായ നടപടികൾ സ്വീകരിക്കാൻ ഹോർട്ടി കോർപ്പിന് നിർദ്ദേശം നൽകി.<br>• 6-12-2017-ൽ സംസ്ഥാനതല പ്രൈസ് മോണിറ്ററിംഗ് സെൽ കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്തി വിപുലീകരിച്ചിട്ടുണ്ട്. |
| (സി) | ജി.എസ്.ടി ബോധവത്കരണത്തിനായി ഉപഭോക്തൃകാര്യ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | 'ജി.എസ്.റ്റിയും ഉപഭോക്തൃ സംരക്ഷണവും' എന്ന വിഷയത്തിൽ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളുടെ ആഭിമുഖ്യത്തിൽ 11-10-2017-ന് തിരുവനന്തപുരത്തും, 16-11-2017-ന് കോഴിക്കോടും 30-12-2017-ന് എറണാകുളത്തും, സെമിനാറുകൾ സംഘടിപ്പിച്ചു. |

സെക്ഷൻ ഓഫീസർ